GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

05-06-2021

# കാർഷിക വാർത്തകൾ

## 1. അറിയിപ്പ്

'ഒരുകോടി ഫലവൃക്ഷതൈകളുടെ വിതരണം പരിപാലനം 2021-22' പദ്ധതിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൌസിൽ വച്ച് ലോകപരിസ്ഥിതി ദിനമായ ഇന്ന് രാവിലെ 11.30 ന് നടത്തുന്നു.

## 2. വീട്ടുപടിക്കൽവിത്ത്

കൃഷിക്കാവശ്യമായ നല്ലയിനം വിത്തുകൾ സ്പീഡ് പോസ്റ്റ് വഴി നൽകുവാനുള്ള പദ്ധതിയുമായി ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾചറൽ റിസേർച്ചിന്റെ (ICAR) ബെംഗളൂരുവിലെ ഗവേഷണസ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചറൽ റിസർച്ച്(ഐഐഎച്ച്ആർ). ഐഐഎച്ച്ആറിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.iihr.res.in സന്ദർശിച്ച് അതിലുള്ള 'സീഡ്പോർട്ടലിലൂടെ' ഓൺലൈനായി പണമടയ്ക്കുന്നവർക്ക് സ്പീഡ് പോസ്റ്റ് വഴി ഇന്ത്യയിലെവിടെയാണെങ്കിലും വിത്തുകൾ എത്തിക്കുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ടെന്ന് ഐഐഎച്ച്ആർ പച്ചക്കറിവിളവിഭാഗം പ്രിൻസിപ്പൽസയന്റിസ്റ്റ് എച്ച്.എസ്. യോഗീശ അറിയിച്ചു.

## 3. ടെലിവെറ്ററിനറി സംവിധാനം

സംസ്ഥാനത്ത് കോവിഡ് വ്യാപനവും ലോക്ക്ഡൌണും തുടരുന്ന സാഹചര്യത്തിൽ വളർത്തുമൃഗങ്ങളുടെ പരിപാലനവും മൃഗചികിത്സയും സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചികിത്സ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പ് ടെലിവെറ്ററിനറി സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കാൾ സെന്റർ നമ്പരുകൾ ഇനി പറയുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

| | |
|---|---|
| തിരുവനന്തപുരം -0471-2302643 | കൊല്ലം -0474-2795076 |
| പത്തനംതിട്ട - 0468-2270908 | ആലപ്പുഴ - 0477-2252635 |
| കോട്ടയം - 0481 -2564623 | ഇടുക്കി - 0486-2223878 |
| എറണാകുളം -0484-2351264 | തൃശ്ശൂർ - 0487-2440232 |
| പാലക്കാട് - 9447303310 | മലപ്പുറം - 0483- 2734815 |
| കോഴിക്കോട് -0495-2368349 | വയനാട് -04936 -202729 |
| കണ്ണൂർ - 0497- 2700184 | കാസർഗോഡ് - 04994-224624 |

**4. അറിയിപ്പ്**

നാളികേര കൃഷി സംബന്ധിച്ച് സംശയങ്ങൾ നിവാരണത്തിനായി ബാലരാമപുരം നാളികേ ഗവേഷണ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. വിളിക്കേണ്ട നമ്പറുകൾ ഇനി പറയുന്നു.

9446283898/9446540856/ 9995447195

**ഓൺലൈൻപരിശീലനങ്ങൾ**

**5.** ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7 -ന് രാവിലെ 10.30 മുതൽ ക്ഷീരകർഷകർക്ക് വേണ്ടി തീറ്റപ്പുൽകൃഷിയെ സംബന്ധിച്ച് ഗൂഗിൾമീറ്റ് മുഖേന പരിശീലനപരിപാടി നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള കർഷകർ ഈ മാസം ഏഴിന് രാവിലെ 10.30 ന് ഗൂഗിൾ മീറ്റ് ലിങ്ക് വഴി ജോയിൻ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2302223 എന്ന നമ്പരിൽ ബന്ധപ്പെടുക.

**6.** കേരള വെറ്ററിനറി സർവകലാശാല 'മൃഗസംക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ദ്ധഭാഷണ പരമ്പരയിൽ ഈ മാസം കിടാങ്ങളുടെ മഴക്കാല പരിചരണം, സൂക്ഷ്മ ഇടത്തരം മാംസ സംസ്കരണ സംരംഭങ്ങൾ, മഴക്കാല രോഗങ്ങളും പ്രതിരോധ മാർഗങ്ങളും, മൃഗങ്ങളിലെ മൂത്രാശയ രോഗങ്ങളും പ്രതിവിധികളും തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണം സംഘടിപ്പിച്ചിരിക്കുന്നു. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾക്കായി

ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് **-9446625160 / 9895213500**

7. ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് മൂന്നുദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനം ജൂൺ 09 മുതൽ 11 വരെ നടത്തും. പരിശീലനസമയം എല്ലാദിവസവും രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലും 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

8. തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ശാസ്ത്രീയ തെങ്ങുകൃഷി, വാഴപ്പഴത്തിന്റെ മൂല്യവർദ്ധിതഉൽപ്പന്നങ്ങൾ, വർഷംമുഴുവൻ കൃഷി ചെയ്യുവാൻ മഴമറ, പച്ചക്കറികൃഷിയിൽ ജൈവ രോഗ-കീട നിയന്ത്രണ മാർഗങ്ങൾ, മട്ടുപ്പാവിലെ പച്ചക്കറി തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പരിശീലനങ്ങളെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് 9446911451 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. മലമ്പുഴ ലൈവ്സ്റ്റോക്ക്മാനേജ്മെൻറ് പരിശീലനകേന്ദ്രത്തിൽ ഇന്ന് (05.06.2021) രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ 'പോത്ത് വളർത്തൽ' എന്ന വിഷയത്തിൽ ഓൺലൈൻട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നു. സൌജന്യമായി നൽകുന്ന ഈ ട്രെയിനിങ്ങിനെ കുറിച്ച് കൂടുതൽവിവരങ്ങൾക്ക് 9188522713 എന്ന വാട്സ്ആപ്പ് നമ്പരിൽ ബന്ധപ്പെടുക.

10. കുളമ്പുരോഗം കർഷകർ അറിയേണ്ടത്.

കുളമ്പുരോഗം പടർന്നു പിടിക്കാതിരിക്കാനായി ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. പനിയോ രോഗലക്ഷണങ്ങളോ കാണിക്കുവാൻ തുടങ്ങുന്ന മൃഗങ്ങളെ ഒരു കാരണവശാലും മേയാനോ പൊതുസ്ഥലങ്ങളിൽ മറ്റു കാലികളുമായി ഇടപെടാനോ അനുവദിക്കരുത്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അടുത്തുള്ള മൃഗാശുപത്രിയിൽ വിവരം അറിയിക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം ചികിത്സാ വിധികൾ സ്വീകരിക്കുകയും വേണം.

2. എരിത്തിലും പരിസരവും വൃത്തിയാക്കാനായി നാല് ശതമാനം വീര്യമുള്ള അലക്കു കാരം അതായത് 40 ഗ്രാം അലക്കുകാരം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത്, അണുനാശിനിയായി ഉപയോഗിക്കാം.
3. എരിത്തിലിലേക്ക് കയറുന്നിടത്തും എരുത്തിലിൽ നിന്നും ഇറങ്ങുന്നിടത്തും അലക്കുകാര ലായനി ഉപയോഗിച്ച് ഫുട്ട് ബാത്ത് കൊടുക്കുന്നത് രോഗാണു വ്യാപനം കുറയ്ക്കും.
4. കുളമ്പിൽ രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അഞ്ചു ശതമാനം വീര്യമുള്ള തുരിശു ലായനിയിൽ കുളമ്പ് അഞ്ചു നിമിഷനേരം മുക്കി വയ്ക്കുന്നത് നല്ലതാണ്.
5. വായയിൽ വ്രണങ്ങൾ കാണുകയാണെങ്കിൽ വളരെ നേർത്ത പൊട്ടാസ്യം പെർമാൻഗനേറ്റ് ലായനിയോ ബോറിക് ആസിഡ് ലായനിയോ ഉപയോഗിച്ച് വായ കഴുകുകയോ ബോറിക് ആസിഡ് ശർക്കരയിലോ പഴത്തിലോ ചേർത്ത് ചവയ്ക്കാൻ കൊടുക്കുകയോ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ